# കേരള സർവകലാശാല

നം. പി.ആർ.029/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ശിൽപശാല മാറ്റമില്ല

കേരള സർവകലാശാല ഗണിതശാസ്ത്ര പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 10-ന് നടത്താനിരുന്ന ശിൽപശാലയ്ക്ക് മാറ്റമില്ല.

## ലോക ഗണിതശാസ്ത്ര ദിനം

കേരള സർവകലാശാല ഗണിത ശാസ്ത്ര പഠനവകുപ്പ് ലോക ഗണിതശാസ്ത്ര ദിനത്തിന്റെ ഭാഗമായി നടത്തുന്ന ആഘോഷ പരിപാടികൾ മാർച്ച് 14 രാവിലെ 10 മണിക്ക് പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും.

## എം.എൽ.ഐ.എസ്‌സി ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 11-ന് തുടങ്ങുന്ന എം.എൽ.ഐ.എസ്‌സി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.പി.എഡ്, ഏപ്രിൽ അഞ്ചിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.പി.എഡ്, ഏപ്രിൽ ആറിന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.പി.എഡ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇൻഡക്ഷൻ പ്രോഗ്രാം

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന സർവകലാശാല/ കോളേജ് അദ്ധ്യാപക്കുവേണ്ടി ഹ്രസ്വകാല ഇൻഡക്ഷൻ പ്രോഗ്രാം 2016 മാർച്ച് 28 മുതൽ 31 വരെ നടത്തുന്നു. കേരള സർവകലാശാലയുടെ അധീനതയിൽ കാര്യവട്ടം കാമ്പസിലെ യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററാണ് പരിശീലനം നടത്തുന്നത്. രണ്ട് വർഷത്തിൽ താഴെ അദ്ധ്യാപന പരിചയമുള്ള സർവകലാശാല/ അദ്ധ്യാപകർക്കുമാത്രം അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫാറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ (www.keralauniversity.ac.in/ugcasc) ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല, കാര്യവട്ടം - 695 581 എന്ന വിലാസത്തിൽ മാർച്ച് 15-നകം ലഭിക്കണം.

## സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് വിതരണം

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് ട്രെയിനിംഗ് ഇൻസെന്റീവ് (2007-08, 2008-09), സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് (2007-08 മാത്രം) വിതരണം

മാർച്ച് 11 രാവിലെ 10 മണിക്ക് സെനറ്റ് ഹാളിൽ നടക്കും. വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. യോഗ്യരായവർ അസൽ രേഖകൾ (തിരിച്ചറിയൽ രേഖ/ ആധാർ, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പും) സഹിതം ഹാജരാകണം. സ്കോളർഷിപ്പ് തുക മാർച്ച് 11-ന് തന്നെ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക കേരള സർവകലാശാല ഫണ്ടിലേക്ക് നിക്ഷേപിക്കും. ഫോൺ. 0471-2386480.

## വാർഷിക യോഗം മാറ്റിവെച്ചു

കേരള സർവകലാശാല മാർച്ച് 10-ന് നടത്താനിരുന്ന ഫാക്കൽറ്റി ഓഫ് കൊമേഴ്സിന്റെ വാർഷിക യോഗം മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## ബി.എസ്സി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328 - സപ്ലിമെന്ററി - 2013 സ്കീം & റഗുലർ -2014 സ്കീം), ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241 - സപ്ലിമെന്ററി & റഗുലർ 2013 അഡ്മിഷൻ , 2014 അഡ്മിഷൻ)

ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് & കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328), രണ്ടാം സെമസ്റ്റർ ബി.എസ്സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) സപ്ലിമെന്ററി മാത്രം - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 19 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ സോഷ്യോളജി (പ്രീവിയസ്, ഫൈനൽ, റീ അപിയറൻസ്) മാർക്ക്ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഡിഗ്രി സർട്ടഫിക്കറ്റിന്റെ പകർപ്പ്, ഹാൾടിക്കറ്റ് എന്നിവ സഹിതം മാർച്ച് ഒമ്പത്, 11, 14 തീയതികളിൽ വന്ന് കൈപ്പറ്റണം.

## ബി.എസ്സി നഴ്സിംഗ് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ അഞ്ചിന് തുടങ്ങുന്ന ഒന്നാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 16 (50 രൂപ പിഴയോടെ മാർച്ച് 18, 250 രൂപ പിഴയോടെ മാർച്ച് 19) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

## എം.സി.എ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 18-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2006 സ്കീം - സപ്ലിമെന്ററി - 2010 അഡ്മിഷൻ മാത്രം) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 18 (50 രൂപ പിഴയോടെ മാർച്ച് 22, 250 രൂപ

പിഴയോടെ മാർച്ച് 26) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 280 രൂപ (സി.വി ക്യാമ്പ് ഫീസ് 200/- രൂപ, ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 30/- രൂപ, രജിസ്ട്രേഷൻ ഫീസ് 50 രൂപ) അടയ്ക്കണം.

ഏപ്രിൽ 18-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം – റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 18 (50 രൂപ പിഴയോടെ മാർച്ച് 22, 250 രൂപ പിഴയോടെ മാർച്ച് 26) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200/- രൂപ, ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 30/- രൂപ, സപ്ലിമെന്ററി വിദ്യാർത്ഥികൾ സപ്ലിമെന്ററി രജിസ്ട്രേഷൻ ഫീസായി 50 രൂപ) അടയ്ക്കണം.

## ബി.എസ്സി/ബി.സി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റിൽ നടത്തിയ രണ്ട്, മൂന്ന് വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് പരീക്ഷ

കേരള സർവകലാശാല കമ്പയിൻഡ് ഒന്ന്, രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.ആർക് (2008 സ്കീം – സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ ബി.ആർക് (2008 സ്കീം – റഗുലർ & സപ്ലിമെന്ററി), ആറാം സെമസ്റ്റർ ബി.ആർക് (2013 സ്കീം – റഗുലർ) പരീക്ഷകൾക്ക് മാർച്ച് എട്ട് മുതൽ ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 19, 250 രൂപ പിഴയോടെ മാർച്ച് 22) വരെ അപേക്ഷിക്കാം.

കമ്പയിൻഡ് ഒന്ന്, രണ്ട്, നാല്, ആറ്, എട്ട് സെമസ്റ്റർ ബി.ആർക് (2008 സ്കീം – സപ്ലിമെന്ററി – 2011-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 17 (50 രൂപ പിഴയോടെ മാർച്ച് 19, 250 രൂപ പിഴയോടെ മാർച്ച് 22) വരെ അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200/- രൂപ, ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 30/- രൂപ) അടയ്ക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾ സി.വി ക്യാമ്പ് ഫീസായി പേപ്പർ ഒന്നിന് 50 രൂപ (പരമാവധി 200 രൂപ) ഓൺലൈൻ രജിസ്ട്രേഷൻ ഫീസായി 30 രൂപയും അടയ്ക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾ അപേക്ഷ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(ഒപ്പ്)

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
08.03.2016

**ഡോ. ലാൽ സി.എ.**
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ